പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : റ്റി 8157 — 17/07/2014-ൽ മറുപടിയ്ക്കു്

**തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകേണ്ട തുക**

**ചോദ്യം** — **ഉത്തരം**

ശ്രീ. പി.റ്റി.എ. റഹീം — ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | | ഉത്തരം |
|---|---|---|
| എ) ഭരണഘടനയുടെ അനുച്ഛേദം 290 പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് നൽകേണ്ട നിശ്ചിത തുക തന്നെയാണോ ഇപ്പോൾ നൽകി വരുന്നത്; | എ) & ബി) | ഭരണ ഘടനയുടെ അനുച്ഛേദം 290 എ പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് 46.5 ലക്ഷം രൂപ നൽകണമെന്ന് വ്യവസ്ഥ ചെയ്യിട്ടുണ്ട്. ഇതിൽ 40.5 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിനും 6 ലക്ഷം രൂപ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും നൽകിവന്നിരുന്നു. 2003 -ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 378/2003/ആർഡി പ്രകാരം ഈ തുക 1 കോടി രൂപയായി വർദ്ധിപ്പിച്ചു. (80 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിനും 20 ലക്ഷം രൂപ ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും) ഈ തുക കാലോചിതമായി പരിഷ്കരിക്കണമെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ ആവശ്യം പരിഗണിച്ച് പ്രസ്തുത ഗ്രാൻറ് വർദ്ധിപ്പിച്ച് നൽകുന്നതിനു പകരം ശബരിമല മണ്ഡല-മകരവിളക്ക് ഉത്സവത്തിനോടനു ബന്ധിച്ച് ഡ്യൂട്ടി ചെയ്യുന്ന പോലീസുകാർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകി വന്നിരുന്ന മെസ്സ് സബ്സിഡിയും ഡോക്ടേഴ്സിൻെറയും പാരാമെഡിക്കൽ സ്റ്റാഫിൻെറയും റ്റി.എ/ഡിഎ ഇനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നൽകി നൽകിവന്നിരുന്ന തുകയും സർക്കാർ പൂർണ്ണമായി വഹിക്കുന്നതിന് 2011 -ലെ ജി.ഒ.(എം.എസ്) നം. 418/2011/ആർഡി ഉത്തരവ് പ്രകാരം തീരുമാനിക്കുകയും ആയതിൻെറ അടിസ്ഥാനത്തിൽ ഓരോ വർഷവും അധിക തുക അനുവദിച്ചുവരികയും ചെയ്തു വരുന്നുണ്ട്. |
| ബി) പ്രസ്തുത തുക കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ